6. ജാഹീർ ഹുസൈൻ
7. മുകേഷ്
8. സുനിൽ കുമാർ

(ഡി) ഒന്നിൽ കൂടുതൽ കേസുകൾ ഉള്ള മൂന്ന് പേർ ഉണ്ട്. ബാലുവിന് നാല് കേസും, ജാഹീർ ഹുസൈന് 3 കേസും സുനിൽകുമാറിന് 2 കേസും നിലവിലുണ്ട്.

(ഇ) ഇല്ല. ഒരാളെ അറസ്റ്റ് ചെയ്യാനുണ്ട്.

(എഫ്) ലഭ്യമാക്കി സമർപ്പിക്കുന്നതാണ്.

പോലീസ് വകുപ്പിലേക്ക് വാങ്ങിയ പുതിയ വാഹനങ്ങൾ

160 (2154) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പോലീസ് വകുപ്പിന് എത്ര പുതിയ വാഹനങ്ങൾ വാങ്ങി എന്ന് വെളിപ്പെടുത്തുമോ ;

(ബി) ഏതെല്ലാം ഇനം വാഹനങ്ങളാണെന്നും ഓരോ ഇനം വാഹനങ്ങൾക്കും നൽകിയ വിലയുടെ വിശദാംശവും വെളിപ്പെടുത്തുമോ ;

(സി) വാഹനങ്ങൾ വാങ്ങുന്നതിന് സ്വീകരിച്ച നടപടിക്രമങ്ങളുടെ വിശദാംശം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 1362 വാഹനങ്ങൾ വാങ്ങിയിട്ടുണ്ട്.

(ബി) ഉത്തരം അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(സി) പോലീസ് വകുപ്പിലേക്ക് ആവശ്യമുള്ള വാഹനങ്ങൾ തെരഞ്ഞെടുക്കുന്നതിന് ഒരു കമ്മിറ്റി രൂപീകരിച്ച് അവർ ശുപാർശ ചെയ്ത പ്രകാരം ഡി. ജി. എസ്. ആന്റ് ഡി.-യുടെ റേറ്റ് കോൺട്രാക്റ്റ് അനുസരിച്ചാണ് ഈ വാഹനങ്ങൾ വാങ്ങിയിട്ടുള്ളത്.

കോഴിക്കോട് അത്തോളി പോലീസ് സ്റ്റേഷന് പുതിയ കെട്ടിടം

161 (2158) ശ്രീ. എ. സി. ഷൺമുഖദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിലെ അത്തോളി പോലീസ് സ്റ്റേഷന് പുതിയ കെട്ടിടവും പോലീസുകാർക്ക് പുതിയ ക്വാർട്ടേഴ്സും പണിയുന്നതിനുള്ള എന്തെങ്കിലും നിർദ്ദേശം പോലീസ് ഡിപ്പാർട്ട്മെന്റിൽ നിന്നും ലഭിച്ചിട്ടുണ്ടോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉണ്ടെങ്കിൽ ഇതുസംബന്ധമായി എന്തു നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ&ബി) കോഴിക്കോട് ജില്ലയിലെ അത്തോളി പോലീസ് സ്റ്റേഷൻ 1988 മുതൽ പുതിയ കെട്ടിടത്തിലാണ് പ്രവർത്തിച്ചു വരുന്നത്. കോഴിക്കോട് റൂറൽ ജില്ലയിൽ പോലീസ് നവീകരണ പദ്ധതിയിൻ പ്രകാരം 24 പോലീസ് ക്വാർട്ടേഴ്സുകൾ നിർമ്മിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

വിജിലൻസ് റെയ്ഡുകൾ

162 (2163) ശ്രീ. ടി. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ രണ്ടുവർഷത്തിനകം വിജിലൻസ് നടത്തിയ റെയ്ഡിലൂടെ രജിസ്റ്റർ ചെയ്യപ്പെട്ട കേസുകൾ എത്രയാണെന്നും ഏതൊക്കെ വകുപ്പുകളിലാണെന്നും വെളിപ്പെടുത്തുമോ ;

(ബി) വിജിലൻസ് റെയ്ഡിന്റെ ഭാഗമായി പോലീസ്, എക്സൈസ്, ഫയർഫോഴ്സ്, രജിസ്ട്രേഷൻ എന്നീ വകുപ്പുകളിലെ ഏതെങ്കിലും ഉദ്യോഗസ്ഥന്മാർ സസ്പെന്റു ചെയ്യപ്പെട്ടിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ ഓരോ വകുപ്പിലേയും സസ്പെൻഷന്റെ വിവരം വെളിപ്പെടുത്തുമോ ;

(ഡി) ഈ ഉദ്യോഗസ്ഥന്മാർ ഇപ്പോഴും സസ്പെൻഷനിലാണോ ;

(ഇ) ഇവർക്കെതിരെയുള്ള കേസുകളുടെ പുരോഗതി വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) വിജിലൻസ് ആന്റ് ആന്റി - കറപ്ഷൻ ബ്യൂറോ സംസ്ഥാന വ്യാപകമായി മോട്ടോർ വെഹിക്കിൾസ് വകുപ്പിന്റെ വിവിധ ഓഫീസുകളിൽ നടത്തിയ മിന്നൽ പരിശോധനയുടെ അടിസ്ഥാനത്തിൽ രണ്ട് വിജിലൻസ് കേസുകളും, മോട്ടോർ വെഹിക്കിൾസ്, സെയിൽസ് ടാക്സ്, എക്സൈസ്, ഫോറസ്റ്റ് എന്നീ വകുപ്പുകളിലെ ചെക്ക് പോസ്റ്റുകളിൽ നടത്തിയ മിന്നൽ പരിശോധനയുടെ അടിസ്ഥാനത്തിൽ അഞ്ചു വിജിലൻസ് കേസുകളും രജിസ്ട്രേഷൻ വകുപ്പിന്റെ വിവിധ ഓഫീസുകളിൽ നടത്തിയ പരിശോധനയുടെ അടിസ്ഥാനത്തിൽ അഞ്ചു വിജിലൻസ് കേസുകളും, എക്സൈസ് വകുപ്പിന്റെ വിവിധ ഓഫീസുകളിൽ നടത്തിയ പരിശോധനയുടെ വെളിച്ചത്തിൽ രണ്ടു വിജിലൻസ് കേസുകളും രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി&സി) ഉണ്ട്. രജിസ്ട്രേഷൻ വകുപ്പിലെ മുപ്പത് (30) ഉദ്യോഗസ്ഥന്മാരേയും മോട്ടോർ വെഹിക്കിൾസ് വകുപ്പിലെ 16 ഉദ്യോഗസ്ഥന്മാരേയും സെയിൽസ് ടാക്സ് വകുപ്പിലെ 27 ഉദ്യോഗസ്ഥന്മാരേയും ഫോറസ്റ്റ് വകുപ്പിലെ 2 ഉദ്യോഗസ്ഥന്മാരേയും സസ്പെന്റു ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly